**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3719** **15-07-2022 - ൽ മറുപടിയ്ക്ക്**

**സെക്രട്ടേറിയറ്റിലെ അണ്ടർ സെക്രട്ടറി മുതൽ മുകളിലേക്കുള്ള ഉദ്യോഗസ്ഥരുടെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സെക്രട്ടേറിയറ്റിൽ നിലവിൽ അണ്ടർ സെക്രട്ടറി മുതൽ മുകളിലേക്കുള്ള ഉദ്യോഗസ്ഥരുടെ എത്ര ഒഴിവുകളുണ്ടെന്ന് അറിയിക്കാമോ; | (എ) | സെക്രട്ടേറിയറ്റിൽ നിലവിൽ അണ്ടർ സെക്രട്ടറി മുതൽ മുകളിലേക്കുള്ള ഉദ്യോഗസ്ഥരുടെ ഒഴിവ് വിവരം ചുവടെച്ചേർക്കുന്നു. |

| **പൊതുഭരണ സെക്രട്ടേറിയറ്റ്**<br>(08/07/2022 തീയതി അടിസ്ഥാനമാക്കി) | **നിയമം**<br>(മെയ് 31 തീയതി അടിസ്ഥാനമാക്കി) | **ധനകാര്യം**<br>(08/07/2022 തീയതി അടിസ്ഥാനമാക്കി) |
|---|---|---|
| അണ്ടർ സെക്രട്ടറി - 4<br>ഡെപ്യൂട്ടി സെക്രട്ടറി - നിലവിൽ ഒഴിവില്ല.<br>ജോയിന്റ് സെക്രട്ടറി - നിലവിൽ ഒഴിവില്ല.<br>അഡീഷണൽ സെക്രട്ടറി - 1<br>സ്പെഷ്യൽ സെക്രട്ടറി - നിലവിൽ ഒഴിവില്ല | അണ്ടർ സെക്രട്ടറി - 5<br>ഡെപ്യൂട്ടി സെക്രട്ടറി - 5<br>ജോയിന്റ് സെക്രട്ടറി - 3<br>അഡീഷണൽ നിയമ സെക്രട്ടറി- 2 | അണ്ടർ സെക്രട്ടറി മുതൽ മുകളിലേക്ക് 11 ഒഴിവുകൾ. |

| | | | |
|---|---|---|---|
| (ബി) | 2022 ജനുവരി മുതൽ മെയ് 31 വരെ അണ്ടർ സെക്രട്ടറി തലത്തിൽ ഓരോ മാസവും റിട്ടയർമെന്റ് മുഖേനയുള്ള ഒഴിവുകൾ, ഇതിന് ആനുപാതികമായി ജൂൺ വരെ നികത്തിയ ഒഴിവുകൾ, 2023 മെയ് 31 വരെ പ്രതീക്ഷിക്കുന്ന ഒഴിവുകൾ എന്നിവ എത്രയാണെന്നുള്ള വിശദാംശം ലഭ്യമാക്കുമോ; | (ബി) | |

| **പൊതുഭരണ സെക്രട്ടേറിയറ്റ്** | **നിയമം** | **ധനകാര്യം** |
|---|---|---|
| 2022 ജനുവരി മുതൽ മെയ് 31 വരെ അണ്ടർ സെക്രട്ടറി തലത്തിൽ 5 ഒഴിവുകളുണ്ടായിട്ടുണ്ട്. ടി 5 ഒഴിവുകൾ നികത്തിയിട്ടുണ്ട്. 2022 ജൂൺ മുതൽ 2023 മെയ് 31 വരെ അണ്ടർസെക്രട്ടറി തസ്തികയിൽ വിരമിക്കൽമൂലം 6ഒഴിവുകൾ പ്രതീക്ഷിക്കുന്നു. | 2022 ജനുവരി മുതൽ മെയ് 31 വരെ അണ്ടർ സെക്രട്ടറി തലത്തിൽ 5 ഒഴിവു കളുണ്ടായിട്ടുണ്ട്. ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 2022 ജൂൺ മുതൽ 2023 മെയ് 31വരെ 13ഒഴിവുകൾ പ്രതീക്ഷിക്കുന്നു. | 2022 ജനുവരി മുതൽ മെയ് 31 വരെ അണ്ടർ സെക്രട്ടറി തലത്തിൽ 2 ഒഴിവുകളുണ്ടായിട്ടുണ്ട്. 2022 ജൂൺ മുതൽ 2023 മെയ് 31വരെ അണ്ടർ സെക്രട്ടറി തസ്തികയിൽ വിരമിക്കൽ മൂലം ഒഴിവുകളുണ്ടാകുന്നില്ല. |

| | | | |
|---|---|---|---|
| (സി) | നിലവിലെ സെലക്റ്റ് ലിസ്റ്റിൽ അണ്ടർ സെക്രട്ടറി മുതൽ അഡീഷണൽ സെക്രട്ടറി വരെ എത്ര പേർ വീതം അവശേഷിക്കുന്നുണ്ടെന്ന് അറിയിക്കുമോ; ആയത് നടപ്പ വർഷത്തെ പ്രമോഷന് മതിയായ എണ്ണം ഉണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അഡ്ഹോക് ഡി.പി.സി. കൂടുന്നതിനുള്ള നടപടി ഇപ്പോഴേ സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (സി) | **<u>പൊതുഭരണം</u>**<br><br>അണ്ടർസെക്രട്ടറി - 16<br><br>ഡെപ്യൂട്ടി സെക്രട്ടറി - 6<br><br>ജോയിന്റ് സെക്രട്ടറി - 2<br><br>അഡീഷണൽ സെക്രട്ടറി - ലിസ്റ്റ് തീർന്നു.<br><br>നിലവിലുള്ള ലിസ്റ്റ് തീരുന്ന മുറയ്ക്ക് അഡ് ഹോക് ഡി.പി. സി കൂടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.<br><br>**<u>നിയമം</u>**<br><br>അണ്ടർസെക്രട്ടറി - 16<br><br>ഡെപ്യൂട്ടി സെക്രട്ടറി - 12<br><br>ജോയിന്റ് സെക്രട്ടറി - 7<br><br>അഡീഷണൽ നിയമസെക്രട്ടറി -6<br><br>നിലവിലുള്ള ലിസ്റ്റ് നടപ്പുവർഷത്തെ പ്രമോഷനു മതിയാകുന്നതാണ്. ആയതിനാൽ അഡ്ഹോക് ഡി.പി.സി കൂടുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതായി കാണുന്നില്ല.<br><br>**<u>ധനകാര്യം</u>**<br><br>അണ്ടർസെക്രട്ടറി - 19<br><br>ഡെപ്യൂട്ടി സെക്രട്ടറി - 12<br><br>ജോയിന്റ് സെക്രട്ടറി - 12<br><br>അഡീഷണൽ സെക്രട്ടറി - 2<br><br>നിലവിലുള്ള ലിസ്റ്റ് തീരുന്ന മുറയ്ക്ക് അഡ്ഹോക് ഡി.പി.സി കൂടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | സെക്രട്ടേറിയറ്റിൽ പ്രമോഷൻ, റിട്ടയർമെന്റ് എന്നീ ഒഴിവുകൾ വരുന്ന മുറക്ക് ഉടൻ തന്നെ സെലക്റ്റ് ലിസ്റ്റിൽ നിന്നും നിയമനം നടത്താറുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കുമോ; 2022 മെയ് 31-ന് നിലവിൽ വന്ന റിട്ടയർമെന്റ് പ്രമോഷൻ ഒഴിവുകൾ എപ്പോഴാണ് നികത്തിയതെന്ന് അറിയിക്കുമോ; | (ഡി) | ഉണ്ട്. പൊതുഭരണ വകുപ്പിലും, ധനകാര്യവകുപ്പിലും 2022 മെയ് 31-ന് കേഡർ തസ്തികയിൽ ഉണ്ടായ റിട്ടയർമെന്റ് ഒഴിവുകൾ ജൂൺ മാസത്തിൽ തന്നെ പ്രമോഷൻ മുഖേന നികത്തിയിട്ടുണ്ട്.<br><br>നിയമവകുപ്പിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ഇ) | സെലക്റ്റ് ലിസ്റ്റിൽ മതിയായ എണ്ണം ഉദ്യോഗസ്ഥരെ | (ഇ) | കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് ചട്ടങ്ങൾ, ചട്ടം 28(b)(i)(6) ന് താഴെയുള്ള കുറിപ്പ് പ്രകാരം ഒരു വർഷത്തിനുള്ളിൽ പ്രതീക്ഷിക്കുന്ന ഒഴിവുകളുടെ എണ്ണത്തിന്റെ കഴിയുന്നത്ര മൂന്നിരട്ടിയും, കുറഞ്ഞത് രണ്ടിരട്ടിയും, മുൻ വർഷം പുറന്തള്ളപ്പെട്ട |

| | | | |
|---|---|---|---|
| | ഉൾപ്പെടുത്താതെ പിന്നീട് അഡ്ഹോക് ഡി.പി.സി. കൂടേണ്ടി വരുന്നത് മൂലമുണ്ടാകുന്ന ചെലവ്, സമയ നഷ്ടം ഇവ കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ആയത് ഒഴിവാക്കുന്നതിന് ഡി.പി.സി. കൂടുമ്പോൾ തന്നെ ആവശ്യത്തിന് ജീവനക്കാരെ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ? | | ഉദ്യോഗസ്ഥരുടെ എണ്ണവും കൂടി ഉൾപ്പെടുത്തിയാണ് ഫീൽഡ് ഓഫ് ചോയ്സ് തയ്യാറാക്കുന്നത്. പ്രസ്തുത ചട്ടം 28(b) (i)(7) പ്രകാരം സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്ന ഉദ്യോഗസ്ഥരുടെ എണ്ണം അടുത്ത വർഷത്തിൽ ഉണ്ടാകാവുന്ന ഒഴിവുകളുടെ എണ്ണത്തിന് തുല്യമായിരിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്ന ഉദ്യോഗസ്ഥരുടെ എണ്ണം തീരുമാനിക്കുന്നത് ഡി. പി .സി ആണ്. |

സെക്ഷൻ ഓഫീസർ